"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന വകുപ്പ് - ബി.ഐ.എഫ്.&എച്ച്.ഡി.എഫ് ഭവന പദ്ധതികൾ- സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിൽ നിന്നും പിൻവലിച്ച തുക കൊല്ലം ജില്ലക്ക് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

**G.O.(Rt)No.927/2018/F&P** തീയതി,തിരുവനന്തപുരം, 27/11/2018

പരാമർശം:- ഫിഷറീസ് ഡയറക്ടറുടെ 12/11/2018ലെ എൻ.1 /6527/18 നമ്പർ കത്ത്

**ഉത്തരവ്**

ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന ബി.ഐ.എഫ് & എച്ച്.ഡി.എഫ് ഭവന പദ്ധതി (2017 -18) ൽ 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതിക്ക് സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിൽ നിന്നും സർക്കാർ പിൻവലിച്ച 1,02,00,000/-രൂപ 4405-00 -103-93 (പ്ലാൻ)എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും കൊല്ലം ജില്ലയ്ക്ക് അനുവദിക്കണമെന്ന് ഫിഷറീസ് ഡയറക്ടർ പരാമർശ കത്ത് പ്രകാരം അപേക്ഷിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന ബി.ഐ.എഫ് &എച്ച്.ഡി.എഫ് ഭവന പദ്ധതി (2017-18)ലെ ഭവന പദ്ധതിയിൽ 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതിക്ക് സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിൽ നിന്നും സർക്കാർ പിൻവലിച്ച 1,02,00,000/-രൂപ (ഒരു കോടി രണ്ടു ലക്ഷം രൂപ മാത്രം) 4405-00-103-93 (പ്ലാൻ) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും കൊല്ലം ജില്ലയ്ക്ക് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**GIRIJA KUMARI G**
**JOINT SECRETARY**

പകർപ്പ്
ഫിഷറീസ് ഡയറക്ടർ , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, (എ & ഇ) കേരളം, തിരുവനന്തപുരം
ധനകാര്യവകുപ്പ്
ഡെപ്യൂട്ടി ഡയറക്ടർ II, വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. ഫിഷറീസ് വകുപ്പ് മന്ത്രിയുടെ പി.എസ്സിന്